# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം-686 560

ഫോൺ: 0481 – 2733298, മൊബൈൽ : 9495119702


2019 ജൂലൈ 10

# വാർത്താക്കുറിപ്പ്

## എം.ജി.യു.ജി. ഏകജാലകം രണ്ടാം സപ്ലിമെന്ററി അലോട്മെന്റായി;

**– അർഹർ ഇന്ന് (ജൂലൈ 11) വൈകിട്ട് നാലിന് മുമ്പ് പ്രവേശനം നേടണം**

മഹാത്മാ ഗാന്ധി സർവ്വകലാശാലയ്ക്ക് കീഴിലുള്ള കോളേജുകളിൽ ഏകജാലകം വഴി യു.ജി. പ്രവേശനത്തിനുള്ള രണ്ടാം സപ്ലിമെന്ററി അലോട്മെന്റിൽ പ്രവേശനത്തിന് അർഹത നേടിയവർ ഇന്ന് (ജൂലൈ 11) വൈകീട്ട് നാലിനകം പ്രവേശനം നേടണം. ഇന്ന് (ജൂലൈ 11) വൈകീട്ട് നാലിനകം ഫീസടയ്ക്കാത്തവരുടെയും ഫീസടച്ചശേഷം കോളേജിൽ പ്രവേശനം നേടാത്തവരുടെയും അലോട്മെന്റ് റദ്ദാക്കും.

(പി.ആർ.ഒ./39/1302/2019)

## എം.ജി. പി.ജി. ഏകജാലകം: മെറിറ്റ് സംവരണ സീറ്റുകളിലേക്ക് ഫൈനൽ അലോട്മന്റ്

**– ഓപ്ഷൻ രജിസ്ട്രേഷൻ ജൂലൈ 12 വരെ**

മഹാത്മാഗാന്ധി സർവകലാശാലയുടെ കീഴിലുള്ള കോളേജുകളിൽ ഏകജാലകം വഴി പി.ജി. പ്രവേശനത്തിനുള്ള ഫൈനൽ അലോട്മെന്റിന് നിലവിൽ അപേക്ഷ സമർപ്പിക്കാത്തവർക്കും മുൻ അലോട്മെന്റുകളിൽ പ്രവേശനം ലഭിക്കാത്തവർക്കുമായി ഫൈനൽ അലോട്ട്മെന്റ് നടത്തും. നിലവിൽ പ്രവേശനം നേടിയവർ ഫൈനൽ അലോട്മെന്റിൽ അപേക്ഷിക്കാൻ പാടില്ല. അപേക്ഷകൻ ഓൺലൈൻ അപേക്ഷയിൽ വരുത്തിയ തെറ്റുമൂലം അലോട്മെന്റിനു പരിഗണിക്കപ്പെടാത്തവർക്കും അലോട്മെന്റിലൂടെ ലഭിച്ച പ്രവേശനം റദ്ദാക്കിയവർക്കും പ്രത്യേകമായി ഫീസ് അടയ്ക്കാതെ നിലവിലുള്ള ആപ്ലിക്കേഷൻ നമ്പരും പാസ്‌വേഡും ഉപയോഗിച്ച് cap.mgu.ac.in എന്ന വെബ്സൈറ്റിലൂടെ ജൂലൈ 12ന് വൈകീട്ട് നാലുവരെ പുതുതായി ഓപ്ഷനുകൾ നൽകാം.

ഫൈനൽ അലോട്മെന്റിൽ പങ്കെടുക്കുന്നവർ പുതുതായി ഓപ്ഷനുകൾ രജിസ്റ്റർ ചെയ്യണം. അപേക്ഷകർ നിലവിലുള്ള ആപ്ലിക്കേഷൻ നമ്പരും പാസ്‌വേഡും ഉപയോഗിച്ച് അക്കൗണ്ട് ക്രിയേഷൻ എന്ന ലിങ്കിൽ ക്ലിക്ക് ചെയ്യുമ്പോൾ ലഭിക്കുന്ന പുതിയ ആപ്ലിക്കേഷൻ നമ്പരും പഴയ പാസ്‌വേഡും ഉപയോഗിച്ച് ലോഗിൻ ചെയ്യണം. പുതിയ ആപ്ലിക്കേഷൻ നമ്പർ പിന്നീടുള്ള ഓൺലൈൻ ആവശ്യങ്ങൾക്കായി സൂക്ഷിച്ച് വയ്ക്കണം. ലോഗിൻ ചെയ്ത ശേഷം അപേക്ഷകന് നേരത്തേ നൽകിയ അപേക്ഷയിലെ തെറ്റുകൾ തിരുത്താം, പുതുതായി ഓപ്ഷനുകൾ നൽകാം. ഫൈനൽ അലോട്മെന്റിൽ പങ്കെടുക്കുന്ന അപേക്ഷകർ പുതുതായി ഓപ്ഷനുകൾ നൽകണം. ഓപ്ഷനുകൾ നൽകിയ ശേഷം അപേക്ഷ സേവ് ചെയ്ത് ഓൺലൈനായി സമർപ്പിക്കുക.

അപേക്ഷയുടേയോ ഓപ്ഷനുകളുടെയോ പ്രിന്റ് ഔട്ട് സർവകലാശാലയിൽ സമർപ്പിക്കേണ്ടതില്ല. വിവിധ കോളേജുകളിലെ ഒഴിവുള്ള പ്രോഗ്രാമുകളുടെ വിശദവിവരം സർവകലാശാല വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

(പി.ആർ.ഒ./39/1303/2019)

## അപേക്ഷ തീയതി നീട്ടി

2012, 2013, 2014 അഡ്മിഷൻ എം.ബി.എ. (സ്‌പെഷൽ മേഴ്‌സി ചാൻസ് 2018) പരീക്ഷയ്ക്ക് പിഴയില്ലാതെ ജൂലൈ 16 വരെയും 500 രൂപ പിഴയോടെ 17 വരെയും 1000 രൂപ സൂപ്പർഫൈനോടെ 19 വരെയും അപേക്ഷിക്കാം. പരീക്ഷയെഴുതുന്നവർ സ്‌പെഷൽ ഫീസായി 5000 രൂപ പരീക്ഷഫീസിനും സി.വി. ക്യാമ്പ് ഫീസിനും പുറമെ അടയ്ക്കണം. സ്‌പെഷൽ മേഴ്‌സി ചാൻസ് പരീക്ഷയ്ക്ക് നിലവിൽ ഫീസടച്ച വിദ്യാർഥികൾ വീണ്ടും ഫീസടയ്‌ക്കേണ്ടതില്ല. epay.mgu.ac.in എന്ന വെബ്‌സൈറ്റ് വഴിയാണ് ഫീസടയ്‌ക്കേണ്ടത്. ഓരോ സെമസ്റ്ററിനും പ്രത്യേകം അപേക്ഷ നൽകണം. അപേക്ഷഫോമിനും വിശദവിവരത്തിനും www.mgu.ac.in എന്ന വെബ്‌സൈറ്റ് സന്ദർശിക്കുക.

(പി.ആർ.ഒ./39/1304/2019)

## പ്രാക്ടിക്കൽ

നാലാം സെമസ്റ്റർ ബി.എസ്‌സി. സുവോളജി മോഡൽ I, II, III (സി.ബി.സി.എസ്. - റഗുലർ) മെയ് 2019 പരീക്ഷയുടെ കോർ, കോംപ്ലിമെന്ററി പ്രാക്ടിക്കൽ ജൂലൈ 15 മുതൽ 25 വരെ അതത് കോളേജുകളിൽ നടക്കും. വിശദമായ ടൈംടേബിൾ സർവകലാശാല വെബ്‌സൈറ്റിൽ.

(പി.ആർ.ഒ./39/1305/2019)

## സംവരണ സീറ്റൊഴിവ്

മഹാത്മാ ഗാന്ധി സർവകലാശാല സ്‌കൂൾ ഓഫ് പെഡഗോഗിക്കൽ സയൻസസിലെ എം.എഡ്. പ്രോഗ്രാമിൽ എസ്.സി., എസ്.ടി. വിഭാഗത്തിൽ ഏതാനും സീറ്റൊഴിവുണ്ട്. ക്യാറ്റ്-എം.ജി.യു. പ്രോസ്‌പെക്ടസ് പ്രകാരം യോഗ്യതയുള്ളവർ ജൂലൈ 15ന് രാവിലെ 10ന് യോഗ്യത, ജാതി എന്നിവ തെളിയിക്കുന്ന രേഖകളുമായി പഠനവകുപ്പിൽ എത്തണം. സംവരണ വിഭാഗത്തിൽപ്പെട്ടവർ 800 രൂപ ഫീസടയ്ക്കണം. ക്യാറ്റ്-എം.ജി.യു. പരീക്ഷയെഴുതാത്തവർ 500 രൂപയും അടയ്ക്കണം. വിശദവിവരത്തിന് ഫോൺ: 0481-2731042.

(പി.ആർ.ഒ./39/1306/2019)

മഹാത്മാഗാന്ധി സർവകലാശാല സ്‌കൂൾ ഓഫ് മാനേജ്‌മെന്റ് ആന്റ് ബിസിനസ് സ്റ്റഡീസിലെ എം.ബി.എ. പ്രോഗ്രാമിൽ എസ്.സി./എസ്.ടി. വിഭാഗത്തിൽ സീറ്റൊഴിവുണ്ട്. ക്യാറ്റ്/സിമാറ്റ്/കെമാറ്റ് യോഗ്യതയുള്ളവർ ബന്ധപ്പെട്ട രേഖകളുമായി ജൂലൈ 12ന് രാവിലെ 9.30ന് നേരിട്ട് എത്തണം. വിശദവിവരത്തിന് ഫോൺ: 0481-2732288.

(പി.ആർ.ഒ./39/1307/2019)

## പരീക്ഷഫലം

2018 ഡിസംബറിൽ നടന്ന മൂന്നാം വർഷ ബി.എസ്‌സി. മെഡിക്കൽ മൈക്രോബയോളജി റഗുലർ പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ജൂലൈ 23 വരെ അപേക്ഷിക്കാം.

(പി.ആർ.ഒ./39/1308/2019)

2019 ജനുവരിയിൽ നടന്ന ഒൻപതാം സെമസ്റ്റർ ഡ്യുവൽ ഡിഗ്രി മാസ്റ്റർ ഓഫ് കമ്പ്യൂട്ടർ ആപ്ലിക്കേഷൻസ് (ഡി.ഡി.എം.സി.എ.) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ജൂലൈ 20 വരെ അപേക്ഷിക്കാം.

(പി.ആർ.ഒ./39/1309/2019)

2019 ജനുവരിയിൽ നടന്ന രണ്ടാം വർഷ ബി.എസ്‌സി. മെഡിക്കൽ മൈക്രോബയോളജി (റഗുലർ/സപ്ലിമെന്ററി - പുതിയ സ്‌കീം/പഴയ സ്‌കീം) പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ജൂലൈ 24 വരെ അപേക്ഷിക്കാം.

(പി.ആർ.ഒ./39/1310/2019)

2018 നവംബറിൽ നടന്ന മൂന്നാം സെമസ്റ്റർ പി.ജി.സി.എസ്.എസ്. എം.എസ്.സി. സൈക്കോളജി പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ജൂലൈ 24 വരെ അപേക്ഷിക്കാം.

(പി.ആർ.ഒ./39/1311/2019)

2018 നവംബറിൽ നടന്ന മൂന്നാം സെമസ്റ്റർ എം.എസ്‌സി. സുവോളജി (റഗുലർ, സപ്ലിമെന്ററി, ബെറ്റർമെന്റ്) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ജൂലൈ 24 വരെ അപേക്ഷിക്കാം.

(പി.ആർ.ഒ./39/1312/2019)

## രാജ്യത്ത് അസമത്വം വർധിക്കുന്നു; സമ്പദ് പ്രവണതകളെ നേരിടാൻ കേന്ദ്ര ബജറ്റ് അപര്യാപ്തമെന്ന് ഡോ. സുരജിത് ദാസ്

രാജ്യത്ത് നിലനിൽക്കുന്ന സമ്പദ് പ്രവണതകളെ യാഥാർഥ്യബോധത്തോടെ നേരിടാൻ പര്യാപ്തമല്ല കേന്ദ്ര ബജറ്റെന്ന് ജവഹർലാൽ നെഹ്റു സർവകലാശാലയിലെ സെന്റർ ഫോർ ഇക്കണോമിക് സ്റ്റഡീസ് ആന്റ് പ്ലാനിംഗിലെ അധ്യാപകൻ ഡോ. സുരജിത് ദാസ്. മഹാത്മാ ഗാന്ധി സർവകലാശാല സ്‌കൂൾ ഓഫ് ഇന്റർനാഷണൽ റിലേഷൻസ് ആന്റ് പൊളിറ്റിക്സിൽ പ്രഭാഷണം നടത്തുകയായിരുന്നു അദ്ദേഹം.

സാമ്പത്തിക വളർച്ചാനിരക്ക് കുറയുകയും തൊഴിലില്ലായ്മ വർധിക്കുകയും ചെയ്യുന്ന പശ്ചാത്തലത്തിലാണ് ബജറ്റ് അവതരിപ്പിക്കപ്പെട്ടത്. ഗ്രാമീണ ശരാശരി വേതനനിരക്കിൽ സ്തംഭനാവസ്ഥയും നിക്ഷേപങ്ങളിൽ ഇടിവും സമ്പദ് വ്യവസ്ഥ നേരിടുന്നുണ്ട്. സാമ്പത്തിക അസമത്വം വർധിച്ചിട്ടുണ്ട്. ജനസംഖ്യയിൽ 80 ശതമാനത്തിലധികംപേരും സ്വന്തം കുട്ടികളുടെ ചെലവും സ്വകാര്യ ആരോഗ്യ സുരക്ഷ സേവനങ്ങൾ ഉറപ്പുവരുത്തുന്നതിനുമുള്ള ചെലവും താങ്ങാനാവാത്ത അവസ്ഥയിലാണ്. തൊഴിൽ ലഭ്യത ഉറപ്പുവരുത്തുന്ന സ്വകാര്യ നിക്ഷേപങ്ങൾ കുറയുമ്പോൾ സർക്കാർ പദ്ധതിചെലവ് ഉയർത്തേണ്ടതുണ്ട്. സാമൂഹിക സുരക്ഷമേഖലയിലെ പദ്ധതിചെലവും ഉയർത്തണം. എന്നാൽ മൊത്ത ആഭ്യന്തര ഉല്പാദനത്തിന് ആനുപാതികമായി നോക്കുമ്പോൾ ഈ മേഖലയിലേക്കുള്ള ബജറ്റിലെ വിഹിതം കുറവാണ്. മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയടക്കം ഉൾക്കൊള്ളുന്ന ഗ്രാമീണ വികസന മേഖലയിലെ പദ്ധതിവിഹിതം ജി.ഡി.പി. നിരക്കിന് ആനുപാതികമായി കുറഞ്ഞിട്ടുണ്ട്. വിദ്യാഭ്യാസ മേഖലയിലും ഇതനുഭവപ്പെടുന്നുണ്ടെന്നും അദ്ദേഹം പറഞ്ഞു.

സംസ്ഥാന പ്ലാനിംഗ് ബോർഡിന്റെ കേന്ദ്ര പ്ലാനിംഗ് കമ്മീഷന്റെയും കൺസൾട്ടന്റായിരുന്ന ഡോ. സുരജിത് ദാസ്. ഡോ. മാത്യു വർഗീസ്, സോഷ്യൽ സയൻസ് ഡീൻ പ്രൊഫ. കെ.എം. സീതി, ഡോ. കെ.എൻ. രാജ് സെന്റർ ഡെപ്യൂട്ടി ഡയറക്ടർ ഡോ. മാത്യു കുര്യൻ, ഡോ. ജോസ് കെ. നെടുത്തോട്ടി എന്നിവർ പ്രസംഗിച്ചു.

(പി.ആർ.ഒ./39/1313/2019)

**എ. അരുൺ കുമാർ**
പബ്ലിക് റിലേഷൻസ് ഓഫീസർ